**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കോവിഡ് വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങളിൽ ജനുവരി 1 മുതൽ എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കോവിഡ് പ്രതിസന്ധി രൂക്ഷമായി തുടരുന്ന സാഹചര്യത്തിലും, ജനിതക മാറ്റം കൈവരിച്ച കോവിഡ് വൈറസിന്റെ വ്യാപനം ഇന്ത്യയിലും ഉണ്ടായ സാഹചര്യത്തിലും, സ്കൂളുകൾ തുറന്നപ്പോൾ രോഗവ്യാപനം ഉണ്ടാകാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (ബി) | രോഗ വ്യാപനം ഉണ്ടാകാതിരിക്കുവാൻ കേന്ദ്ര സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശാനുസരണമുള്ള കാര്യങ്ങൾ പാലിക്കുന്നതിനായി വിശദമായ മാർഗ നിർദേശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട് .ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി.കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ഓരോ ക്ലാസ്സിലും സാനിട്ടൈസർ വിതരണം ചെയ്തു.കേരള സ്റ്റേറ്റ് കയർ കോർപറേഷൻ മുഖേന ഒരു വെറ്റ് മാറ്റ് , ഒരു ഡ്രൈ മാറ്റ് ,പ്ലാസ്റ്റിക് ട്രേ ,ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയടങ്ങുന്ന കിറ്റും സ്കൂളുകളിൽ എത്തിച്ചു നൽകിയിട്ടുണ്ട് .ഓരോ സ്കൂളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനും സെല്ലിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും നിർദേശങ്ങൾ നലകിയിട്ടുണ്ട്.രോഗ ലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഓരോ സ്കൂളിലും സിക്ക് റൂം സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യ സഹായം ആശ്യമെങ്കിൽ അതിനുള്ള സൗകര്യവും ആരോഗ്യ വകുപ്പുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്. |
| (സി) | എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ സംബന്ധിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക പട്ടിക പുറത്തിറക്കിയിട്ടുണ്ടോ; | (സി) | എസ് .എസ് .എൽ.സി , പ്ലസ് ടു പൊതുപരീക്ഷകളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഓരോ വിഷയങ്ങളിലെയും പ്രധാന ആശയങ്ങൾ, ഉപരിപഠന സാധ്യത എന്നിവ കണക്കിലെടുത്താണ് പ്രസ്തുത പാഠഭാഗങ്ങൾ തീരുമാനിച്ചിട്ടുള്ളത് .കൂടുതൽ |

| | | | |
|---|---|---|---|
| | ഫോക്കസ് ഏരിയ തീരുമാനിച്ചത് എപ്രകാരമാണെന്ന് അറിയിക്കുമോ; | | ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ മാത്രം പഠിച്ചാൽ മതിയെന്ന നിർദ്ദേശം നൽകാനാവില്ല .കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതുവാൻ കഴിയുംവിധം ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾക്ക് വെയിറ്റേജ് നൽകുന്നതാണ്. |
| (ഡി) | ഈ പട്ടികയിലെ പാഠഭാഗങ്ങൾ മാത്രം പഠിച്ച കുട്ടികൾക്ക് പരീക്ഷയിൽ മുഴുവൻ മാർക്കും വാങ്ങാവുന്ന തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | എസ് .എസ് .എൽ.സി , പ്ലസ് ടു പൊതുപരീക്ഷകളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഓരോ വിഷയങ്ങളിലെയും പ്രധാന ആശയങ്ങൾ, ഉപരിപഠന സാധ്യത എന്നിവ കണക്കിലെടുത്താണ് പ്രസ്തുത പാഠഭാഗങ്ങൾ തീരുമാനിച്ചിട്ടുള്ളത് .കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ മാത്രം പഠിച്ചാൽ മതിയെന്ന നിർദ്ദേശം നൽകാനാവില്ല .കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതുവാൻ കഴിയുംവിധം ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾക്ക് വെയിറ്റേജ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ